**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3214** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസമേഖലയുടെ സമഗ്രവളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി നിരവധിയായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ജനകീയചർച്ചകൾ ഉൾപ്പെടെ സംഘടിപ്പിച്ച് 4 പാഠ്യ പദ്ധതി ചട്ടക്കൂടുകൾ വികസിപ്പിച്ചു. പാഠ്യപദ്ധതി ചട്ടക്കൂട് അടിസ്ഥാനമാക്കി 1,3,5,7,9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ (ഇംഗ്ലീഷ്, തമിഴ്, കന്നട പരിഭാഷകൾ ഉൾപ്പടെ) പരിഷ്കരിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്. 2,4,6,8,10 ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ പരിഷ്കരണം അന്തിമഘട്ടത്തിലാണ്. അധ്യാപക ശാക്തീകരണം ലക്ഷ്യം വച്ചു കൊണ്ട് എല്ലാ വർഷവും അവധിക്കാല അധ്യാപക പരിശീലനങ്ങളും ക്ലസ്റ്റർ പരിശീലനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അധ്യാപകർക്കായി നവാധ്യാപക പരിശീലനവും സംഘടിപ്പിച്ചു വരുന്നു. വിദ്യാലയ ഗുണത വർദ്ധിപ്പിക്കുന്നതിനായി 2025 ഫെബ്രുവരി 18 മുതൽ സമഗ്ര ഗുണമേന്മ പദ്ധതി നടപ്പിലാക്കി വരുന്നു. ക്ലാസ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഹൈടെക് ക്ലാസ്റൂമുകൾ സജ്ജമാക്കുകയും ഇ-കണ്ടന്റ് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ.<br><br>2. സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസപദ്ധതി |

3. അക്കാദമിക മികവ് വിദ്യാലയമികവ് എന്ന ആശയത്തിലൂന്നി സംസ്ഥാനത്തെ സ്കൂളുകളിൽ നിരവധി പഠന പോഷണ പരിപാടികൾ നടപ്പിലാക്കി . പ്രസ്തുത പരിപാടികളുടേയും നിരന്തര മോണിറ്ററിംഗിന്റേയും ഫലമായി സ്കൂളുകളിൽ അക്കാദമിക മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു.

4. പഠനോത്സവവും തുടർന്ന് സ്കൂൾ പ്രവേശനോത്സവവും വരെ നീണ്ടുനിൽക്കുന്ന ക്യാമ്പയിനുകൾ .

5. പെൺകുട്ടികൾക്കായി നടപ്പിലാക്കുന്ന പ്രത്യേക പരിപാടികൾ.

6. എസ്.സി, എസ്.ടി വിഭാഗം കുട്ടികൾക്കും വനമേഖലയിലും തീരദേശത്തും താമസിക്കുന്ന കുട്ടികൾക്കുമായുള്ള പ്രത്യേക പരിപാടികൾ.

7. ആർ.ടി.ഇ എൻടൈറ്റിൽമെന്റ്സ് (സൗജന്യപാഠപുസ്തകം, അർഹരായ കുട്ടികൾക്ക് രണ്ടു സെറ്റ് സൗജന്യ യൂണിഫോം, ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം)

8. കോമ്പസിറ്റ് സ്കൂൾ ഗ്രാന്റ്, സ്കൂൾ ലൈബ്രറി ഗ്രാന്റ്, സ്പോർട്സ് ഗ്രാന്റ്.

9. പ്രീ-സ്കൂൾ ശാക്തീകരണം (വർണകൂടാരം, രക്ഷകർതൃ വിദ്യാഭ്യാസം, ശിശുസൗഹൃദപരമായ ഫർണിച്ചർ, പഠനബോധന സാമഗ്രികൾ, പുറം കളിയുപകരണങ്ങൾ, പ്രവർത്തനമൂലകൾ/ പ്രവർത്തനയിടങ്ങൾ സമ്പുഷ്ടമാക്കൽ

10. അധ്യാപകർക്കുള്ള അവധിക്കാല പരിശീലനങ്ങളും ക്ലസ്റ്റർ പരിശീലനങ്ങളും സാങ്കേതിക വിദ്യാപിന്തുണാ പരിശീലനങ്ങളും.

11. പ്രഥമാധ്യാപക പരിശീലനം

12. കലാ-ആരോഗ്യ കായിക പ്രവൃത്തി പരിചയ വിഷയങ്ങൾക്ക് പാഠപുസ്തകങ്ങളും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനവും.

13. ഉൾച്ചേർക്കൽ വിദ്യാഭ്യാസം (പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം) .

14. വർക്ക് എജ്യൂക്കേഷൻ (എക്സ്പോഷർ വിസിറ്റ്, ലൈഫ്, സ്കിൽ ഷെയർ, വിദഗ്ധരുമായുള്ള സംവാദം, ശക്തി, സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ)

15. രക്ഷകർതൃവിദ്യാഭ്യാസം (SMC/PTA പരിശീലനം, പി.ഇ.സി./എം.ഇ.സി. ശാക്തീകരണം).

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രാധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സാങ്കേതികവിദ്യാ പഠനത്തിന് സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളും ഹൈടെക് ആക്കി.<br><br>2 സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനം ഉറപ്പുവരുത്താൻ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി പാഠപുസ്തകങ്ങളും അധ്യാപക പരിശീലനവും നൽകി.<br><br>3. ഒന്നു മുതൽ പത്തു വരെ ക്ലാസുകളിലെ എല്ലാ പാഠഭാഗങ്ങൾക്കും അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കി 'സമഗ്രപ്ലസ് പോർട്ടൽ' മുഖേന അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സൗജന്യമായി ലഭ്യമാക്കുന്നു.<br><br>4. താല്പര്യവും അഭിരുചിയുമുള്ള സെക്കന്ററിതലം വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് 2220 സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ ' ലിറ്റിൽകൈറ്റ്സ്' ഐ.ടി ക്ലബുകൾ ആരംഭിച്ചു.<br><br>5. പഠനസമയം നഷ്ടപ്പെടാതെ അധ്യാപകർക്ക് (Massive Open Online Course) മാതൃകയിൽ KOOL (Kites Open Online Learning) കോഴ്സ്.<br><br>6. 24 മണിക്കൂറും വിദ്യാഭ്യാസ പരിപാടികൾ മാത്രം സംപ്രേക്ഷണം ചെയ്യുന്ന കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ പ്രവർത്തിക്കുന്നു.<br><br>7. പൊതുവിദ്യാഭ്യസ വകുപ്പിന്റെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്വെയറുകളും പിന്തുണാ സംവിധാനവും ലഭ്യമാക്കുന്നു. |
| (ബി) | പൊതു വിദ്യാഭ്യാസത്തിന്റെ മേന്മ വർദ്ധിപ്പിക്കാൻ കരിക്കുലം യഥാസമയങ്ങളിൽ പരിഷ്കരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, പാഠ്യപദ്ധതി കോർ കമ്മിറ്റി എന്നിവ രൂപീകരിച്ചു. പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിക്കുന്നതിന് മുന്നോടിയായി വ്യത്യസ്ത മേഖലകളിലായി 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് പൊസിഷൻ പേപ്പർ തയാറാക്കി. കൂടാതെ പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസത്തിൽ തൽപരരായ ആളുകളുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി സ്കൂൾ പഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ജനകീയ ചർച്ചകൾ സംഘടിപ്പിച്ച് അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തു. ചർച്ചകൾക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയാത്ത ആളുകൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഒരു tech platform വികസിപ്പിക്കുകയും അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തു. സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച് ഒരു ജനകീയ ചർച്ച സംഘടിപ്പിക്കുന്നത് ആദ്യമായിട്ടാണ്. പൊസിഷൻ പേപ്പറുകളെ അടിസ്ഥാനമാക്കിയും വിദ്യാഭ്യാസത്തിൽ തൽപരരായ ആളുകളിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടിസ്ഥാനമാക്കിയും പ്രീസ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ 4 പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിച്ചു. പാഠ്യപദ്ധതി ചട്ടക്കൂടുകളെ അടിസ്ഥാനമാക്കി പാഠപുസ്തക പരിഷ്കരണ നടപടികൾ ആരംഭിക്കുകയും 1, 3, 5, 7, 9 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2024-25 അധ്യയന വർഷം നടപ്പിലാക്കുകയും 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 2025-26 അധ്യയന വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പൊതു വിദ്യാഭ്യാസമേഖലയുടെ സമഗ്ര വളർച്ചയ്ക്ക് പുതിയ ഒരു പഠന കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദമാക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ